ഉത്തരം

(എ) പനത്തടി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്ത ശ്രീ. വിജയൻ നായർ ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജപ്തി നടപടികൾ നടത്തുന്നതിന് നിയമതടസ്സങ്ങൾ ഒന്നും ഇല്ലാതിരുന്ന സമയത്ത് കാസർഗോഡ് താലൂക്കിൽ 32 കർഷകരുടെ സ്ഥലങ്ങൾ ജപ്തി നടത്തി ലേലം ചെയ്തിട്ടുണ്ട്. എന്നാൽ 29-7-2005 മുതൽ മൂന്നുമാസത്തേക്ക് ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വരൾച്ചയും വിലത്തകർച്ചയുംമൂലം ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമത്തിൻ കീഴിൽ 50,000 രൂപ വരെയുള്ള കാർഷികവായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേക്കും 23-1-2004 മുതൽ 1 വർഷത്തേക്കും പലിശയും പിഴപ്പലിശയും സർക്കാർ റീ ഇംബേഴ്സ് ചെയ്തുനൽകുന്നതിനും വായ്പകൾ മാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും അനുവദിച്ച് ഉത്തരവായിരുന്നു. കൂടാതെ വായ്പാപരിവർത്തനം നടത്തുന്ന കർഷകർക്ക് വായ്പ തിരിച്ചടയ്ക്കുവാനുള്ള കാലാവധി ദീർഘിപ്പിച്ചു ലഭിക്കുന്നതാണ്.

(ഇ) നബാർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ സഹായം ലഭിക്കുമോയെന്നകാര്യം പരിശോധിക്കുന്നതാണ്.

(എഫ്) വായ്പാ പരിവർത്തനം നടത്തി അന്തിമ കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചെറുകിട തുറമുഖങ്ങളെ വികസിപ്പിക്കുവാൻ നടപടി

96 [3610] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

„ *ജോർജ് ജെ. മാത്യു:*

„ *ടി. എൻ. പ്രതാപൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ കൊച്ചിയുമായി കപ്പൽ മുഖേന ബന്ധിപ്പിക്കുവാനുദ്ദേശമുണ്ടോ;

(ബി) വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ സാക്ഷാത്കരിക്കപ്പെടുന്നതോടു കൂടി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെക്കൂടി വികസിപ്പിച്ച് കൊച്ചിയുമായി കപ്പൽമുഖേന ബന്ധിപ്പിക്കുന്നത് അവയുടെ കയറ്റിറക്ക് വർദ്ധിപ്പിക്കുന്നതിനും വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും കഴിയുമോ എന്നറിയിക്കാമോ;

(സി) എങ്കിൽ സമയബന്ധിതമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ വികസിപ്പിക്കുവാൻ ശ്രമിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇക്കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല.

(ബി) വല്ലാർപ്പാടം പ്രധാനമായും ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കാനാണ് പദ്ധതി. ചെറുകിട തുറമുഖങ്ങളെ വല്ലാർപ്പാടവുമായി ബന്ധിപ്പിക്കുന്നതുകൊണ്ട് ചരക്ക് കൈകാര്യം ചെയ്യുന്നതിൽ ചെറിയ തോതിലുള്ള പ്രയോജനം ഉണ്ടാകും. തീരദേശ കപ്പൽഗതാഗതം പ്രോത്സാഹിപ്പിക്കാനും കഴിയും.

(സി) ചില ചെറുകിട തുറമുഖങ്ങളുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖ വികസനം

97 [3611] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി പരസ്യംചെയ്ത ആഗോള ടെൻഡർ അനുസരിച്ച് എത്ര കമ്പനികളാണ് റെസ്പോണ്ട് ചെയ്തിട്ടുള്ളത്; അവ ഏതെല്ലാം;

(ബി) ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly